ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കുട്ടിയമ്മ തോമസ് തന്നെ അങ്ങേക്ക് നൽകിയ പരാതിയിൽ, സി.പി.എം.ലെ ആളുകളാണ് കൂടുതലും രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നു പറഞ്ഞിട്ടുണ്ട്. അത് ഈ സഭയിൽ ഉന്നയിക്കാൻ എനിക്ക് അവകാശമുണ്ട്. എല്ലാ ദിനപ്പത്രങ്ങളിലും അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഈ സംഘങ്ങൾ വഴി പണം തട്ടിപ്പു നടത്താൻ അനുവദിക്കരുത്. വായ്പകൾ നിർത്തിവച്ച്, ഇതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ചെറുകിട കർഷകരേയും കർഷകത്തൊഴിലാളികളെയും സ്വന്തമായി കൃഷി ചെയ്യാൻ സൗകര്യമില്ലാത്ത ഭൂവുടമകളേയും കാർഷികവൃത്തിയിൽ താൽപ്പര്യമുള്ള മറ്റ് ഗ്രാമീണ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്തി നിശ്ചിത പ്രദേശത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് സ്വാശ്രയ ഗ്രൂപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. നാമമാത്രകർഷകർ, കൃഷിഭൂമി ഉടമകൾ, ഭൂരഹിത കർഷകത്തൊഴിലാളികൾ, കാർഷികവൃത്തിയിൽ താൽപര്യമുള്ളവർ, ട്രൈബൽ തുടങ്ങിയ ജനവിഭാഗങ്ങളെ ചെറിയ ചെറിയ ഗ്രൂപ്പുകളായി അവർക്ക് കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. പദ്ധതി സഹായം വ്യക്തികൾക്കല്ല, ഗ്രൂപ്പുകൾക്കാണ്. പാലക്കാട് ജില്ലയിൽ 1998-99 വർഷത്തിൽ ഈ പദ്ധതി ആരംഭിച്ചു. അട്ടപ്പാടി പ്രദേശത്ത് സഹകരണബാങ്കുകൾ നിലവിലില്ലാത്തതിനാൽ ഈ പ്രദേശത്ത് സഹകരണ നിയമത്തിലെ വകുപ്പ്-51, ഉപവകുപ്പ് 1 പ്രകാരം ഉള്ള അനുവാദം വാങ്ങി പാലക്കാട് ജില്ലാ സഹകരണ ബാങ്ക് തന്നെ ഗ്രൂപ്പുകാർക്ക് നേരിട്ട് വായ്പ നൽകി. ഇതിൽ ക്രമവിരുദ്ധമായി ഒന്നുംതന്നെയില്ല. ആകെ നൽകിയ വായ്പ 71.84 ലക്ഷം രൂപ മാത്രമാണ്. എല്ലാ സ്വാശ്രയ ഗ്രൂപ്പുകളും നന്നായി പ്രവർത്തിച്ചുവരുന്നു എന്നാണ് കിട്ടിയ വിവരം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പരാതിയെ സംബന്ധിച്ച് ഗവൺമെന്റ് വിശദമായി അന്വേഷിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

മി. സ്പീക്കർ : ഇന്നലെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഉന്നയിച്ച പ്ലസ്ടു വിനെ സംബന്ധിച്ച കാര്യം തന്നെയാണ് ശ്രീ. നാലകത്ത് സൂപ്പി ഇന്ന് എഴുതിത്തന്നിരിക്കുന്നത്. വാസ്തവത്തിൽ അത് സ്വീകരിക്കാൻ പാടുള്ളതല്ല. ഇന്ന് അതിനെപ്പറ്റിയുള്ള സമരം ആയതുകൊണ്ടാണ് ഞാൻ സ്വീകരിച്ചത്. ഞാൻ മന്ത്രിക്ക് ഇന്ന് രാവിലെ കൊടുത്തു. ആ കാര്യം ഇന്നലെ ഇവിടെ വിശദമായി ചർച്ചചെയ്ത വിഷയമാണ്.....(ബഹളം)..... ഇത് ശരിയായ രീതിയല്ല. .....(ബഹളം).....

V. മേശപ്പുറത്തുവച്ച കടലാസ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, ചട്ടപ്രകാരം അനുവദിക്കുന്നില്ല എങ്കിൽ അതിന്റെ പ്രശ്നം വേറെയാണ്. ഇന്ന് മറുപടി പറയുന്നതും നാളെ മറുപടി പറയുന്നതും വേറെ പ്രശ്നം. കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ ആദ്യ മായിട്ട് വിദ്യാലയങ്ങളെല്ലാം അടച്ചിടുന്ന ഒരു പ്രക്ഷോഭ സമരമുണ്ടായി. അത് ഒരു ഗുരുതരമായ പ്രശ്നമാണ്. വിദ്യാഭ്യാസ മന്ത്രി സ്ഥലത്തുണ്ടായിട്ടും ആ ചർച്ചാസമയത്ത് മാറി, നാളെ മറുപടി പറയാം എന്നത് ഒരു ശരിയായ നടപടി യല്ല. അത് തെറ്റായ നടപടിയാണ്. അതൊരു ഒളിച്ചോട്ടമാണ്. അത് ശരിയല്ല.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, പ്രശ്നം ഇന്ന് ഉന്നയിക്കട്ടെ. മറു പടി നാളെ പറയാം.

മി. സ്പീക്കർ : ഇവിടെ ചട്ടപ്രകാരം മാത്രമല്ല, പരമാവധി വിട്ടുവീഴ്ച ചെയ്തുകൊണ്ട് കാര്യങ്ങൾ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്ന ഒരാ ളാണ് ഞാൻ. ചോദ്യത്തിന് 12 ദിവസം ഉണ്ട്. ഒരു സബ്മിഷന് മിനിമം തലേദി വസം എങ്കിലും നോട്ടീസ് കൊടുക്കണ്ടെ? ഇന്നു രാവിലെ അടിയന്തിരപ്രമേയ ത്തിനുശേഷം..... അടിയന്തിര പ്രമേയത്തിന് 8 മണിയാണ് വച്ചിരിക്കുന്നത്. അദ്ദേഹം നോട്ടീസ് തരുന്നത് എട്ടരയ്ക്കാണ്. എട്ടരയ്ക്കുശേഷമാണ് മന്ത്രി യെത്തന്നെ അന്വേഷിക്കുന്നത്. ഇന്ന് മന്ത്രിക്ക് ബിസിനസ് ഇല്ലായെങ്കിൽ എന്തുചെയ്യും? അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. വാസ്തവ ത്തിൽ അങ്ങനെയല്ല ഇവിടെ ചെയ്യുന്നത്. എന്നിട്ടും ഞാൻ മന്ത്രിക്ക് ആ നോട്ടീസ് കൊടുത്തു. കാരണം, പറയാൻ പറ്റുമെങ്കിൽ..... കാരണം സമര ത്തിന്റെ കാര്യം ഇന്നാണ്. ആ വിഷയമാണെങ്കിൽ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഇന്നലെ ഇവിടെ അവതരിപ്പിച്ചതാണ്. റിപ്പെറ്റിഷൻ അനുവദിക്കാൻ പാടില്ല. എന്നാലും ഞാൻ ശ്രീ. നാലകത്തു സൂപ്പിയോടുതന്നെ പറഞ്ഞു. സമ രമായതുകൊണ്ട്.... അത്ര ലിബറലായിട്ടാണ്..... സമരത്തിന്റെ കാര്യം ആയതു കൊണ്ടുമാത്രം അങ്ങ് ഉന്നയിച്ചുകൊള്ളുക എന്നുവരെ ഞാൻ പറഞ്ഞത്. ഇന്ന് ഈ ഫ്ളോറിൽ വച്ചാണ് ഈ കത്തിടപാട് നടത്തുന്നത്. സബ്മിഷ നാണ്. അടിയന്തിരപ്രമേയമല്ല. അങ്ങേയ്ക്ക് എന്തുകൊണ്ട് അടിയന്തിര പ്രമേ യത്തിന് നോട്ടീസ് കൊണ്ടുവന്നുകൂടായിരുന്നു? 8 മണി ആയിക്കോട്ടെ 8 മണിക്കുമുൻപ് വന്നില്ലല്ലോ. 8 മണിക്കുശേഷമാണല്ലോ ഈ സംഭവം നടക്കു ന്നതൊക്കെ. അതുകൊണ്ട് ഇങ്ങനെയുള്ളൊരു ഒച്ചപ്പാടൊന്നും അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല, ഈ കാര്യം ബാക്കിയുള്ള ആർക്കും അറിയില്ല. അങ്ങേയ്ക്കും എനിക്കും ശ്രീ. ആര്യാടൻ മുഹമ്മദിനും മാത്രമേ അറിയാവൂ. ഈ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കോ അറിയില്ല. ഇവിടെ കാര്യങ്ങൾ കൈകാര്യം ചെയ്യു ന്നത് അങ്ങനെയല്ല. എന്നിട്ടും ഞാൻ പറഞ്ഞു.....(ബഹളം)..... ഞാൻ കൊടു ക്കാൻ പാടില്ലാത്തതാണ്. ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രി മാരുമായിട്ട് ഉണ്ടാക്കിയ ധാരണ സഭ അറിഞ്ഞിരിക്കണം. സബ്മിഷനാണെ ങ്കിൽ മിനിമം തലേദിവസമെങ്കിലും തരണമെന്നാണ് മന്ത്രിമാരും മുഖ്യമന്ത്രി യുമെല്ലാം ആവശ്യപ്പെട്ടത്. ഞാൻ അംഗീകരിച്ചിരിക്കുകയാണ്. അത് ഞാൻ ഈ സഭയിൽ അനൗൺസ് ചെയ്തില്ല എന്നേയുള്ളൂ. സബ്മിഷന്റെ കാര്യ മാണ് ഞാൻ പറയുന്നത്. ബാക്കിയെല്ലാം എപ്പോഴും ആകാം. ചോദ്യത്തിന് നിങ്ങൾ 12 ദിവസം മുമ്പേ നോട്ടീസ് കൊടുക്കും. സബ്മിഷൻ മിനിമം തലേദി വസം എങ്കിലും കൊടുക്കണമെന്നാണ്. 24 മണിക്കൂർ വേണ്ട. വാസ്തവത്തിൽ ഇന്ന് ഞാൻ മന്ത്രിക്ക് നോട്ടീസ് കൊടുക്കാൻ പാടില്ലാത്തതാണ്. ഞാൻ ഇന്ന് മന്ത്രിക്ക് നോട്ടീസ് കൊടുത്തത് ശരിയല്ല. ഇന്ന് രാവിലെ എട്ടരമണിക്ക് ഞാൻ മന്ത്രിക്ക് ഒരു സബ്മിഷന് നോട്ടീസ് കൊടുക്കാൻ പാടില്ലായിരുന്നു. എന്നാലും അങ്ങ് ഇവിടെ കൊണ്ടുവന്ന സ്ഥിതിക്ക് ഞാൻ മന്ത്രിയുടെ ശ്രദ്ധ യിൽപ്പെടുത്തി. പറയുമെങ്കിൽ പറയട്ടെ എന്നു കരുതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, ഞാൻ പറഞ്ഞത് സ്പീക്കറുടെ നടപടിയെ ചോദ്യം ചെയ്തോ, കുറ്റപ്പെടുത്തിയോ അല്ല. ഞാൻ പറഞ്ഞത്, ചട്ടപ്രകാരം ആണെങ്കിൽ അതുശരി. നാളെ മറുപടി പറയാം, ഇന്ന്.....(ബഹളം)..... എന്നാൽ പിന്നെ സംസാരിക്കണ്ട. നിങ്ങൾ കുറെപേർ ഒച്ചയുണ്ടാക്കിയാൽ സംസാരിക്കണ്ട എന്നാണോ? അങ്ങനെയൊന്നും പേടിപ്പിക്കാതെ....(ബഹളം).....; അങ്ങനെയൊന്നും നിയമസഭ കൊണ്ടുപോകാൻ പറ്റില്ല. ഞാൻ സംസാരിക്കണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് സ്പീക്കറാണ്. ഭരണകക്ഷിയിലെ അംഗങ്ങൾ എന്നെ ഒച്ചയുണ്ടാക്കി ഇരുത്തണ്ട. അതു നടക്കില്ല. ആ ഏർപ്പാട് വേണ്ട. ഞാൻ ആദ്യം എന്താണ് പറഞ്ഞത്? ചട്ടപ്രകാരം ആണെങ്കിൽ വിരോധമില്ല. പക്ഷെ നാളെ സബ്മിഷൻ അവതരിപ്പിക്കാമെന്നും മറുപടി പറയുമെന്നും പറഞ്ഞതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇന്ന് കേരളത്തിൽ അസാധാരണമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. ഇന്ന് കേരളത്തിലെ ഒരു പ്രത്യേക മതവിഭാഗത്തിന്റെ വിദ്യാലയങ്ങളെല്ലാം അടച്ചിട്ടിരിക്കുന്നു. അതിനു നാളെ മറുപടി പറയാമെങ്കിൽ ആ നാളെ എന്നുള്ളത് വിദ്യാഭ്യാസ മന്ത്രിക്ക് ഇന്നും മറുപടി പറയാം എന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ചട്ടത്തെക്കുറിച്ചല്ല പറഞ്ഞത്. ഇന്ന് മന്ത്രി ഹാജരായിട്ടും നാളെ മറുപടി പറയുക എന്നത് എന്റെ അഭിപ്രായത്തിൽ ശരിയായ നടപടിയല്ല. അതാണ് ഞാൻ പറഞ്ഞത്.

പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. ടി.കെ. ഹംസ : പ്രിവിലേജസ് കമ്മിറ്റിയുടെ 10-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

പിന്നോക്ക സമുദായക്ഷേമ സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : പിന്നോക്കസമുദായക്ഷേമ സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. ക്രമപ്രശ്നം

പ്രിവിലേജസ് കമ്മിറ്റിയുടെ മിനിട്സ് കമ്മിറ്റി അംഗങ്ങൾക്ക് നൽകുന്നതു സംബന്ധിച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ..

മി. സ്പീക്കർ : അങ്ങ് എഴുതിത്തന്നത് വാസ്തവത്തിൽ റിപ്പോർട്ട് പരിഗണിക്കുന്ന സമയത്താണ് എടുക്കുക. അങ്ങനേ എടുക്കാവൂ. ഇന്ന് സമർപ്പണ സമയത്ത് എടുക്കുകയില്ല. എടുക്കാൻ പാടില്ല. അതുശരിയല്ല. അങ്ങ് പറയുന്നത് ലെജിസ്ലേഷനെക്കുറിച്ചായിരിക്കും. അതിവിടെ പറയാൻ പാടില്ല. ആ റിപ്പോർട്ട് നാളയേ പരിഗണിക്കുകയുള്ളൂ. ആ സമയത്ത് അങ്ങുൾപ്പെടെയുള്ള ആർക്കായാലും സമയം അനുവദിക്കും. മാത്രമല്ല അതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ ഇതിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല. ഞാൻ പറഞ്ഞത് റിപ്പോർട്ട് ഇന്ന് പ്രസന്റ് ചെയ്യുകയാണല്ലോ. അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ റിപ്പോർട്ട് പരിഗണിക്കുക....

മി. സ്പീക്കർ : അങ്ങ് ഉന്നയിക്കുന്ന കാര്യമുൾപ്പെടെയുള്ള കാര്യം നാളെ ചർച്ചചെയ്യുന്ന സമയത്തെടുക്കാം. ... പ്രസന്റേഷൻ ലീഗലാണോ